# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : **158**

**05-12-2018 ൽ മറുപടിയ്ക്ക്**

## വിഴിഞ്ഞം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.ഹരീന്ദ്രൻ :<br>ശ്രീ. ബി.സത്യൻ :<br>ശ്രീ. കെ.ആൻസലൻ :<br>ശ്രീ. വി.ജോയി : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) നാല് ഘട്ടങ്ങളായി നിർമ്മാണം പൂർത്തീകരിക്കാൻ വിഭാവനം ചെയ്തിട്ടുള്ള വിഴിഞ്ഞം പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ ; | (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ വിവിധ ഘടകങ്ങളുടെ നിലവിലെ പുരോഗതി താഴെ കൊടുക്കുന്നു: |

| | |
|---|---|
| പുലിമുട്ട് നിർമ്മാണം | 3100 മീറ്ററിൽ 565 മീറ്റർ നിർമ്മാണം പൂർത്തീകരിച്ചു. പുലിമുട്ടിൽ ഉപയോഗിക്കുന്നതിന് 8500 അക്രോപോഡുകളുടെ നിർമ്മാണവും പൂർത്തിയാക്കി. |
| ഡ്രെഡ്ജിങ് & റിക്ലമേഷൻ | ഏകദേശം 7 ദശലക്ഷം മണ്ണ് ഡ്രെഡ്ജ് ചെയ്ത് 53 ഹെക്ടർ കടൽ നികത്തേണ്ടതിൽ 40% പൂർത്തീകരിച്ചു. |
| ബെർത്ത് നിർമ്മാണം | 800 മീറ്റർ നീളത്തിലുള്ള ബെർത്ത് നിർമ്മിക്കുന്നതിനുള്ള 615 പൈലുകളിൽ 465 പൈലുകൾ സ്ഥാപിച്ചു കഴിഞ്ഞു. |
| യാർഡ് നിർമ്മാണം | റിക്ലമേഷൻ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് കണ്ടെയ്നർ യാർഡും അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കുന്നതാണ്. |
| തുറമുഖത്തിനാവശ്യമായ യന്ത്രോപകരണങ്ങളുടെ നിർമ്മാണവും സ്ഥാപിക്കലും | അദാനി കമ്പനി നൽകിയ കരാറുകളുടെ അടിസ്ഥാനത്തിൽ 4 ടഗ് ബോട്ടുകൾ, 8 ക്രെയിനുകൾ, 24 യാർഡ് ക്രെയിനുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| സൗകര്യങ്ങൾ, സ്റ്റോറേജ് , കെട്ടിടങ്ങൾ, നാവിഗേഷൻ ഉപകരണങ്ങൾ | പ്രവർത്തികൾ പുരോഗമിക്കുന്നു. |
| പുതിയ മത്സ്യ ബന്ധന തുറമുഖം | Detailed Project Report ലഭിച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

ബി) പദ്ധതിക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളായ റെയിൽ, റോഡ് കണക്ടിവിറ്റി സാധ്യമാക്കുന്നതിന് ചെയ്തു വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി)

| | |
|---|---|
| റോഡ് കണക്ടിവിറ്റി | ദേശീയപാത 66-മായി തുറമുഖത്തെ ബന്ധിപ്പിക്കുന്ന നാല് വരി പാതയാക്കാനാവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറി. കണക്ഷൻ പോയിന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് National Highway Authority of India യുമായി ചർച്ചകൾ നടന്നു വരുന്നു. |
| റെയിൽ കണക്ടിവിറ്റി | കൊങ്കൺ റെയിൽവേ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെടുകയും അവർ സമർപ്പിച്ച കരട് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുമായി ഫീസിബിലിറ്റി ചർച്ചകൾ നടത്തിവരുന്നു. |

(സി) പദ്ധതിയ്ക്കായും മറ്റ് അനുബന്ധ പദ്ധതിക്കായും ഭൂമി നൽകിയവരുടെ പുനരധിവാസത്തിനായി ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്നും പദ്ധതി മൂലം ജീവനോപാധി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകിയിരുന്നോ എന്നും അറിയിക്കാമോ ?

(സി) ഭൂമി വിട്ടുനൽകിയവരുടെ പുനരധിവാസത്തിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്.

(1) ഉഭയകക്ഷി സമ്മത പ്രകാരം നിശ്ചയിച്ച വിലയ്ക്ക് പുറമേ, കച്ചവടാവശ്യത്തിനോ താമസത്തിനോ ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് PWD നിശ്ചയിച്ച വിലയേക്കാൾ 50% വർദ്ധനവുവരുത്തി (3 ലക്ഷം രൂപയിൽ കുറയാതെ) നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(2) വീടുകൾ നഷ്ടപ്പെട്ടവർക്ക് 5 സെൻറ് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. അവർക്ക് 6 മാസത്തെ ജീവനോപാധി നഷ്ടവും 6 മാസത്തെ വാടകയും നൽകി..

ജീവനോപാധി നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനായി RDO അദ്ധ്യക്ഷനായ

Livelihood Impact Appraisal Committee യും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള Appeal Committee യും നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശമായ മുല്ലൂർ , കോട്ടപ്പുറം അടിമലത്തുറ മേഖലകളിലെ കരമടി, ചിപ്പി മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതുവരെ 1072 മത്സ്യത്തൊഴിലാളികൾക്കായി 57.82 കോടി രൂപ നഷ്ടപരിഹാരമായി അനുവദിച്ച് നൽകി. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തുനിന്ന് പുറപ്പെടുന്ന യന്ത്രവൽകൃതയാനങ്ങളിലുള്ള 1288 തൊഴിലാളികൾക്ക് 6.56 കോടി രൂപയുടെ മണ്ണെണ്ണയും സ്വയം സഹായ സംഘങ്ങൾക്ക് 6 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. നഷ്ടപരിഹാരത്തിനുള്ള ഏതാണ്ട് 18,000 അപേക്ഷകൾ പരിശോധനയ്ക്കായി പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ പരിഗണനയ്ക്ക് നല്കിയിരിക്കുകയാണ്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ആയതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**